തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട്, മലപ്പുറം - 676 502

# നിർവാഹകസമിതി
# അമ്പത്തിയേഴാമത് യോഗതീരുമാനങ്ങൾ

**2022 ഡിസംബർ 1, രാവിലെ 10.30 ന്**

**പങ്കെടുത്തവർ:**

1. ഡോ. അനിൽ വള്ളത്തോൾ (വൈസ് ചാൻസലർ) (അദ്ധ്യക്ഷൻ)
2. ശ്രീമതി നിതാകുമാരി (സ്പെഷ്യൽ സെക്രട്ടറി, ധനകാര്യവകുപ്പ്)
3. ശ്രീ പ്രസാദ് ആർ (സെക്ഷൻ ഓഫീസർ, സാംസ്കാരികകാര്യ (സി) വകുപ്പ്) (ഗൂഗിൾമീറ്റ് വഴി)
4. ഡോ. കെ.കെ.എൻ. കുറുപ്പ് (ഗൂഗിൾമീറ്റ് വഴി)
5. ഡോ. സി. രാജേന്ദ്രൻ
6. ഡോ. വി. ലിസി മാത്യു
7. ഡോ. കെ.വി. ശശി
8. ഡോ. സ്മിത കെ. നായർ
9. ശ്രീ ആശിഷ് സുകു

ഡോ. റെജിമോൻ പി.എം. (രജിസ്ട്രാർ ഇൻ ചാർജ്) യോഗത്തിൽ സന്നിഹിതനായിരുന്നു.

യോഗം 10.30 ന് ആരംഭിച്ചു.

നിർവാഹകസമിതിയുടെ 57-ാമത് യോഗത്തിൽ നേരിട്ടും ഓൺലൈൻ വഴിയും പങ്കെടുത്ത അംഗങ്ങളെ സ്വാഗതം ചെയ്ത് യോഗാദ്ധ്യക്ഷൻ കൂടിയായ വൈസ് ചാൻസലർ നടത്തിയ ആമുഖഭാഷണത്തോടെ യോഗം ആരംഭിച്ചു. യോഗത്തിന് അംഗങ്ങൾക്ക് നൽകിയ അജണ്ട പരിഗണിക്കുന്നതിന് മുമ്പ് അമ്പത്തിയാറാമത് യോഗത്തിന് ശേഷം നടന്ന പ്രധാന പ്രവർത്തനങ്ങൾ റിപ്പോർട്ട് ചെയ്തു. തിരൂർ സബ്ട്രഷറിയിൽ സർക്കാർ അനുമതിയോടെ (നമ്പർ: 2144059/എസ്.എൽ.-2/29/2022-ധന, തീയതി: 14.10.2022) സേവിങ്സ് ബാങ്ക് അക്കൗണ്ട് ആരംഭിച്ചതും സർവകലാശാലയുടെ ആവശ്യം കണക്കിലെടുത്ത് അഡീഷണൽ ഓതറൈസേഷൻ വഴി പദ്ധതിയേതര വിഹിതമായി 6.38 കോടി സർക്കാർ അനുവദിച്ചതും ക്ലാസ്മുറികളും മികവ്കേന്ദ്രവുമടങ്ങുന്ന കെട്ടിടത്തിന്റെ നിർമാണം പുരോഗമിക്കുന്ന വിവരവും സർവകലാശാലയും 'അസാപ്' (ASAP) മായി ഒപ്പുവെച്ച ധാരണാപത്രം പ്രകാരം പരിഭാഷ നിർവഹിച്ച ഇനത്തിൽ 12,000 രൂപ പ്രതിഫലം അനുവദിച്ച സംഗതിയും നവംബർ 1 മുതൽ 7 വരെ നടത്തിയ മലയാളവാരാഘോഷ പരിപാടികളെ തുടർന്ന്, വരുന്ന രണ്ട് മാസങ്ങളിൽ നടത്താൻ ഉദ്ദേശിക്കുന്ന പരിപാടികളെ കുറിച്ചുള്ള വിവരവും വൈസ് ചാൻസലർ യോഗാംഗങ്ങളെ അറിയിച്ചു. തുടർന്ന് അജണ്ടയനുസരിച്ചുള്ള ഇനങ്ങൾ വായിച്ച് അവതരിപ്പിക്കുവാൻ രജിസ്ട്രാർ ഇൻ ചാർജ് ഡോ. പി.എം. റെജിമോനെ വൈസ് ചാൻസലർ ക്ഷണിച്ചു.

## തീരുമാനങ്ങൾ

ഇനം നമ്പർ: **2022.99**

വിഷയം: **നിർവാഹകസമിതിയുടെ അമ്പത്തിയാറാമത് യോഗത്തിന്റെ തീരുമാനങ്ങൾ അംഗീകരിക്കുന്നതു സംബന്ധിച്ച്**

തീരുമാനം: അമ്പത്തിയാറാമത് യോഗത്തിന്റെ മിനിറ്റ്സിൽ താഴെപ്പറയുന്ന മാറ്റങ്ങൾകൂടി ചേർത്ത് സ്ഥിരീകരിച്ചു.

**2022.74**

രേഖപ്പെടുത്തിയിട്ടുള്ള മിനിറ്റിനോടൊപ്പം 'വനിത/ആൺകുട്ടികളുടെ ഹോസ്റ്റലുകളിലെ മാലിന്യപ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്' എന്ന ഭാഗം കൂട്ടിച്ചേർത്തു.

**2022.75**

മുൻതീരുമാനത്തിന്റെ തുടർച്ചയായി താഴെപ്പറയുന്ന വിഷയങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനായി ഡോ. ലിസിമാത്യു (കൺവീനർ), ഡോ. കെ.വി. ശശി, ഡോ. സ്മിത കെ. നായർ, ശ്രീ ആശിഷ് സുകു എന്നിവർ അംഗങ്ങളായി ഒരു കമ്മിറ്റി രൂപീകരിക്കുവാൻ തീരുമാനിച്ചു.

കമ്മിറ്റിയുടെ പരിഗണനാവിഷയങ്ങൾ:

1. സർക്കാർ ഉത്തരവ് പ്രകാരം നിർമാണാനുമതി ലഭിച്ച കെട്ടിടത്തിന്റെ പ്രവൃത്തികൾ ഉത്തരവിൽ പ്രതിപാദിച്ച തീയതിക്കുള്ളിൽ ആരംഭിക്കുവാൻ കഴിയാതെ വന്നത്.

2. നിർമാണ ഏജൻസിയായ കോസ്റ്റ്ഫോർഡുമായി ഒപ്പുവെച്ച ധാരണാപത്രത്തിലും സർക്കാർ ഉത്തരവിലും വ്യക്തമാക്കിയിട്ടുള്ള എസ്റ്റിമേറ്റ് തുകയായ 2.75 കോടിയിൽ നിന്നും 3.583 കോടി രൂപയായി വർദ്ധിക്കുവാൻ ഇടയാക്കിയ സാഹചര്യം, അതിന് ഉത്തരവാദികൾ?

3. മേൽ ഉത്തരവ് പ്രകാരം കെട്ടിടനിർമാണത്തിന് സർക്കാർ അനുവദിക്കേണ്ട തുകയിൽ ലാപ്സായ സാഹചര്യം ഉണ്ടായിട്ടുണ്ടോ എന്ന കാര്യം

കൂടാതെ, സർവകലാശാലയുടെ ധനകാര്യവിഭാഗത്തിന്റെ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിനും ദൈനംദിന ധനവിനിയോഗം ശരിയായ വിധത്തിൽ നടക്കുന്നുവെന്നു പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനും വേണ്ടി സർവകലാശാലാതലത്തിൽ ആഭ്യന്തര ഓഡിറ്റ് വിഭാഗം (Internal Audit Wing) രൂപീകരിക്കണമെന്ന ധനകാര്യവകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ നിർദേശം യോഗം അംഗീകരിച്ചു. ഇതിനാവശ്യമായ സഹായങ്ങളും മാർഗനിർദ്ദേശക ഉത്തരവുകളും ലഭ്യമാക്കുമെന്നും അവർ അറിയിച്ചു.

**2022.89**

ഗവേഷണചട്ടത്തിൽ 56-ാമത് യോഗം അംഗീകരിച്ച ഭേദഗതികൾക്കൊപ്പം താഴെപറഞ്ഞിട്ടുള്ളവ കൂടി കൂട്ടിച്ചേർക്കേണ്ടതാണ്.

(i) ചട്ടങ്ങളുടെ രണ്ടാമത്തെ താളിലെ ഖണ്ഡിക 2 ന്റെ രണ്ടാമത്തെ വരിയിലെ രണ്ടാമത്തെ വാചകം ഒഴിവാക്കി തൽസ്ഥാനത്ത് '2022 ജൂൺ 1 നു ശേഷം പിഎച്ച്.ഡി.ക്ക് പ്രവേശനം നേടുന്നവർക്ക് ഈ ചട്ടങ്ങൾ ബാധകമായിരിക്കും'എന്നത് ചേർക്കുക.

(ii) പിഎച്ച്.ഡി. ഗവേഷണത്തിൽ യു.ജി.സി. മാർഗനിർദ്ദേശങ്ങൾ പുതുക്കി നടപ്പിൽ വരുത്തിയ സാഹചര്യത്തിൽ, തദനുസൃതമായി മലയാളസർവകലാശാലക്ക് അനുയോജ്യമായ മാറ്റങ്ങൾ വരുത്തി ഗവേഷണച്ചട്ടം പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ശുപാർശകളും നൽകുന്നതിനുവേണ്ടി ഗവേഷണ കൗൺസിൽ വിളിച്ചുചേർക്കുവാനും തീരുമാനിച്ചു.

**2022.93**

സാഹിത്യപ്രവർത്തക സഹകരണ സംഘത്തെ സർവകലാശാല വിൽപ്പനക്കായി ഏൽപ്പിച്ച പുസ്തകങ്ങൾ വിറ്റഴിച്ച തുകയിൽ നിന്നും കമ്മീഷൻ കിഴിച്ച് നൽകേണ്ട തുക നാളിതുവരെ ലഭിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത തുക ഈടാക്കുന്നതിനുവേണ്ടി സ്റ്റാന്റിങ് കോൺസലിന്റെ നിയമോപദേശം വാങ്ങി ഉചിതമായ നടപടികൾ സ്വീകരിക്കുവാൻ യോഗം വൈസ് ചാൻസലറെ ചുമതലപ്പെടുത്തി.

**2022.96**

ഡോ. സ്കറിയ സക്കറിയ അന്തരിച്ച സാഹചര്യം സർവകലാശാലയിലെ കേരള സ്റ്റേറ്റ് ആഡിറ്റ് വിഭാഗത്തെ ബോധ്യപ്പെടുത്തി നിർവാഹകസമിതി തീരുമാനപ്രകാരം അനുവദിച്ച തുകയേക്കാൾ അധികമായി അന്നത്തെ വൈസ് ചാൻസലർ അനുമതി നൽകിയതനുസരിച്ച് അദ്ദേഹം ചെലവഴിച്ച 1,80,042 രൂപ എഴുതിത്തള്ളണമെന്ന് ആവശ്യപ്പെടുവാൻ തീരുമാനിച്ചു.

ഇനം നമ്പർ: **2022.100**

വിഷയം: **മുൻതീരുമാനങ്ങളിലെ തുടർനടപടികൾ**

തീരുമാനം: സ്ഥിരീകരിച്ചു.

* ഇനം നമ്പർ: **2022.101**

വിഷയം: **വൈസ് ചാൻസലറുടെ റിപ്പോർട്ട്**

തീരുമാനം: വൈസ് ചാൻസലർ അവതരിപ്പിച്ച റിപ്പോർട്ടിൻമേൽ നടന്ന ചർച്ചയിൽ പങ്കെടുത്ത് അക്കാദമികരംഗത്ത് പുരോഗതി കൈവരിക്കുന്നതിനാവശ്യമായ ജാഗ്രത പാലിച്ച് 'നാക്' അക്രഡിറ്റേഷൻ നടപടികൾ ത്വരിതപ്പെടുത്തണമെന്നും ഐ.ക്യു.എ.സി.യുടെ പ്രവർത്തനം തൃപ്തികരമല്ലാത്തതിനാൽ അത് മെച്ചപ്പെടുത്തണമെന്നും നിർദ്ദേശിച്ചു. അതോടൊപ്പം, ഗവേഷണം പൂർത്തിയാക്കി പിഎച്ച്.ഡി. അവാർഡ് ചെയ്തിട്ടുള്ള വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റ് വിതരണത്തിലെ കാലതാമസം ഒഴിവാക്കാനാവശ്യമായ അടിയന്തിര നടപടികൾ കൈക്കൊള്ളണമെന്നും യോഗം ആവശ്യപ്പെട്ടു.

ഇതേ തുടർന്ന് സർട്ടിഫിക്കറ്റ് വിതരണം ചെയ്യുവാൻ സർവകലാശാല സ്വീകരിച്ച നടപടികൾ സംബന്ധിച്ച് പരീക്ഷാകൺട്രോളറും വൈസ് ചാൻസലറും വിശദീകരണങ്ങൾ നൽകി. ചർച്ചയിൽ പങ്കെടുത്ത ഡോ. ലിസി മാത്യു ഈ വിഷയം ഉടനടി പരിഹരിക്കണമെന്നും 'യുണീക്കോഡ് ലിപി'യിൽ സർട്ടിഫിക്കറ്റ് തയ്യാറാക്കുന്നതിലെ പ്രശ്നങ്ങൾ പരിശോധിച്ച് മനസ്സിലാക്കി അത്

പരിഹരിക്കുന്ന കാര്യത്തിൽ ഇടപെടാമെന്ന് ഉറപ്പുനൽകുകയും ചെയ്തു. അതിനാവശ്യമായ നടപടി കൈക്കൊള്ളാമെന്ന് പരീക്ഷാകൺട്രോളർ അറിയിച്ചു. സർട്ടിഫിക്കറ്റിൽ ക്യൂ.ആർ. കോഡ് കൂട്ടിച്ചേർത്ത് സർട്ടിഫിക്കറ്റുകൾ കൂടുതൽ സുരക്ഷിതമാക്കുന്നതിനാവശ്യമായ സമഗ്രനടപടികൾ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ അടുത്ത യോഗത്തിൽ സമർപ്പിക്കണമെന്നും തീരുമാനിച്ചു.

പരീക്ഷാ ചുമതലയുള്ളതിനാൽ രജിസ്ട്രാറുടെ അധിക ചുമതല പരീക്ഷാ കൺട്രോളറിൽ നിന്നും മാറ്റി പ്രസ്തുത ചുമതല അസിസ്റ്റന്റ് പ്രൊഫസർ ഡോ. രാജീവ് മോഹന് നൽകണമെന്ന് ഡോ. കെ.വി. ശശി നിർദ്ദേശിച്ചു. പ്രൊഫസർ / അസോസിയേറ്റ് പ്രൊഫസർ വിഭാഗത്തിൽപ്പെട്ടവരായിരിക്കണം രജിസ്ട്രാറുടെ ചുമതല വഹിക്കേണ്ടത് എന്ന് വൈസ് ചാൻസലർ നിർദ്ദേശിക്കുകയും അത് യോഗം അംഗീകരിക്കുകയും ചെയ്തു.

രജിസ്ട്രാറുടെ ഒഴിവ് സ്ഥിരം/ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നികത്തുവാൻ നിർവാഹകസമിതി എടുത്തിട്ടുള്ള തീരുമാനം വിശദീകരിച്ചുകൊണ്ട് രജിസ്ട്രാറുടെ ഒഴിവിലേക്ക് സർവകലാശാല നിയമങ്ങൾക്കനുസൃതമായി നിയമനം നടത്തുന്നതിനുള്ള വിജ്ഞാപനം ഉടനടി പുറപ്പെടുവിക്കുന്നതാണെന്ന് വൈസ് ചാൻസലർ അറിയിച്ചു. ഡോ. കെ.വി. ശശിയും ഡോ. സ്മിത കെ. നായരും വീണ്ടും ഇക്കാര്യം ഉന്നയിച്ചു ചർച്ചയിൽ പങ്കെടുത്തു. ചർച്ചയിൽ രജിസ്ട്രാർ ഇൻ ചാർജ് കൂടിയായ ഡോ. പി.എം. റെജിമോനെ വ്യക്തിപരമായി അപകീർത്തിപ്പെടുത്തുന്ന വിധത്തിൽ അഭിപ്രായങ്ങൾ ഉയർന്ന സന്ദർഭത്തിൽ, വ്യക്തികേന്ദ്രീകൃതമായ ചർച്ച സമിതിയുടെ അന്തസ്സിന് യോജിച്ചതല്ലെന്ന് ഡോ. ലിസി മാത്യു, ഡോ. സി. രാജേന്ദ്രൻ, ഡോ. കെ.കെ.എൻ. കുറുപ്പ് തുടങ്ങിയ അംഗങ്ങൾ ചൂണ്ടിക്കാട്ടി. തുടർന്ന്, ചർച്ച ക്രോഡീകരിച്ച് 03.09.2021 ന് ചേർന്ന നിർവാഹകസമിതിയുടെ 52-ാമത് യോഗത്തിൽ ഇനം നമ്പർ 2021.59 ആയി എടുത്തിട്ടുള്ള തീരുമാനപ്രകാരം രജിസ്ട്രാറുടെ ഒഴിവിലേക്ക് സർവകലാശാല നിയമങ്ങൾക്കനുസൃതമായി വിജ്ഞാപനം പുറപ്പെടുവിച്ച് സ്ഥിര നിയമനം നടത്തണമെന്നും അതിന് യോഗ്യരായവരെ ലഭിക്കാതെ വരുന്ന പക്ഷം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഉടനടി നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണെന്നും അതുവരെ നിലവിലെ സ്ഥിതി തുടരുന്നതാണ് ഉചിതമെന്നും യോഗാദ്ധ്യക്ഷൻ കൂടിയായ വൈസ് ചാൻസലർ അറിയിച്ചു. ഈ നിർദ്ദേശം യോഗം അംഗീകരിച്ചു.

* ഇനം നമ്പർ: **2022.102**

വിഷയം: **ഭാഷാശാസ്ത്രപഠനസ്കൂൾ അസിസ്റ്റന്റ് പ്രൊഫസർ ഡോ. എം. സന്തോഷിനെതിരെ വിദ്യാർത്ഥികൾ നൽകിയ പരാതിയിൻമേൽ ആഭ്യന്തരപരാതി പരിഹാരസെല്ലിന്റെ അന്വേഷണറിപ്പോർട്ടും ഡോ. എം. സന്തോഷ് സർവകലാശാലക്ക് സമർപ്പിച്ച അപ്പീൽ ഹർജിയും ഇതുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതിയിൽ അദ്ദേഹം ഫയൽ ചെയ്ത കേസിലെ വിധിന്യായവും ഇക്കാര്യത്തിൽ സ്റ്റാന്റിങ് കോൺസൽ നൽകിയ നിയമോപദേശവും നിർവാഹകസമിതിയുടെ പരിഗണനക്കും തുടർനടപടികൾക്കുമായി സമർപ്പിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: ഡോ. എം. സന്തോഷിനെതിരെ ഉന്നയിക്കപ്പെട്ട പെരുമാറ്റദൂഷ്യ ആരോപണങ്ങളുടെ തുടർച്ചയായി സർവകലാശാലയിൽ ആരംഭിച്ച അച്ചടക്ക നടപടി ക്രമങ്ങൾക്കൊടുവിൽ നടത്തിയ അന്വേഷണത്തിൽ അദ്ദേഹം അപരാധിയാണെന്ന് സർവകലാശാല നിയമിച്ച ഡോ. ലിസി മാത്യു കമ്മീഷൻ കണ്ടെത്തിയിട്ടുള്ളതാണ്. തുടർന്ന് അദ്ദേഹത്തിനെതിരെ ഉന്നയിച്ചിട്ടുള്ള സ്വഭാവദൂഷ്യ ആരോപണങ്ങളെക്കുറിച്ച് സർവകലാശാലയിലെ ആഭ്യന്തരപരാതി പരിഹാര സമിതിയും അന്വേഷണം നടത്തി. ഐ.സി.സി. യുടെ റിപ്പോർട്ടിൽ അദ്ദേഹത്തിനെതിരായ ആരോപണങ്ങളിൽ കഴമ്പുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്.

അന്വേഷണകമ്മീഷൻ റിപ്പോർട്ടും ഐ.സി.സി. യുടെ ശുപാർശകളും ഡോ. എം. സന്തോഷ് സമർപ്പിച്ച വിശദീകരണവും നിർവാഹകസമിതി സശ്രദ്ധം പരിഗണിക്കുകയുണ്ടായി.

എട്ട് വർഷത്തിലധികമായി അസിസ്റ്റന്റ് പ്രൊഫസറായി ജോലി ചെയ്തുവരുന്ന ഡോ. എം. സന്തോഷിനെതിരായി വിദ്യാർത്ഥിനികൾ കൂട്ടമായി രേഖമൂലം പരാതിപ്പെട്ടിട്ടുള്ളതാണ്.

വിദ്യാർത്ഥികളുടെ അക്കാദമികസ്വാതന്ത്ര്യത്തിനു മേലുള്ള ഡോ. എം. സന്തോഷിന്റെ അനുചിതവും അനഭിലഷണീയവുമായ ഇടപെടൽ സർവകലാശാലക്ക് അംഗീകരിക്കുവാനോ പ്രോത്സാഹിപ്പിക്കുവാനോ കഴിയുന്ന ഒരു കാര്യമല്ലെന്ന് ബോധ്യപ്പെട്ട് താഴെ പറയുന്ന കാര്യങ്ങൾ തീരുമാനിച്ചു.

1. ഡോ. എം. സന്തോഷിന്റെ ഒരു ഇൻക്രിമെന്റ് സഞ്ചിതഫലം കൂടാതെ തടഞ്ഞുകൊണ്ടുള്ള ശിക്ഷ ഏർപ്പെടുത്തുവാനും അതോടൊപ്പം ദുഷ്ചെയ്തികളിലേക്ക് നയിക്കുന്ന ഇത്തരം നടപടി യാതൊരു കാരണവശാലും ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ അദ്ദേഹത്തെ കർശനമായി താക്കീത് ചെയ്യുവാനും തീരുമാനിച്ചു.

2. ഡോ. എം. സന്തോഷിന് അടുത്ത മൂന്ന് വർഷക്കാലത്തേക്ക് ഗവേഷണഗൈഡായി പ്രവർത്തിക്കുന്നതിന് വിലക്കേർപ്പെടുത്തുവാനും ഉത്തരവാദിത്തപ്പെട്ട മറ്റ് സ്ഥാനമാനങ്ങളിൽ നിന്ന് അദ്ദേഹത്തെ മാറ്റി നിർത്താനും തീരുമാനിച്ചു.

3. ഡോ. എം. സന്തോഷ് ഇത്തരം സ്വഭാവദൂഷ്യപ്രവൃത്തികളിൽ ഭാവിയിൽ ഏർപ്പെടുകയില്ലെന്നും ഒരു മാതൃകാ അദ്ധ്യാപകന് ചേർന്ന വിധത്തിൽ മാത്രമേ പെരുമാറുകയുള്ളൂവെന്നും കാണിച്ചുള്ള ഒരു സാക്ഷ്യപത്രം അദ്ദേഹം ഒപ്പിട്ട് നൽകേണ്ടതാണ്.

4. ഡോ. എം. സന്തോഷിനെ ഉടനടി സർവീസിൽ തിരികെ പ്രവേശിപ്പിക്കുവാനും അദ്ദേഹം സർവകലാശാല സർവീസിൽ ഇല്ലാതിരുന്ന കാലയളവിൽ അർഹമായ അവധി അനുവദിച്ച് ക്രമീകരിച്ച് നൽകുവാനും തീരുമാനിച്ചു. സേവനത്തിൽ നിന്ന് മാറ്റി നിർത്തപ്പെട്ട കാലയളവ്, ശമ്പളവും മറ്റ് ആനുകൂല്യങ്ങൾക്കും ഒഴികെ പെൻഷനടക്കമുള്ള സേവന ആനുകൂല്യങ്ങൾക്ക് പരിഗണിക്കുന്നതായിരിക്കുമെന്നും തീരുമാനിച്ചു.

(3427/എ.എ.ഒ./2021 - ഭരണവിഭാഗം)

ഇനം നമ്പർ: **2022.103**

വിഷയം: **വിദ്യാർത്ഥി യൂണിയൻ ഉപയോഗിച്ചു വരുന്ന കാന്റീൻ കെട്ടിടത്തിന് മുകളിലെ സ്ഥലം യൂണിയൻ ഓഫീസ് ആയി അനുവദിക്കണമെന്ന യൂണിയന്റെ ആവശ്യം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് പരിഗണിച്ച് തീരുമാനം എടുക്കുന്നത് സംബന്ധിച്ച്**

തീരുമാനം: 2017 മുതൽ വിദ്യാർത്ഥി യൂണിയൻ ഓഫീസായി വിദ്യാർത്ഥികൾ ഉപയോഗിച്ചു വരുന്ന സർവകലാശാല കാന്റീനിന്റെ മുകൾഭാഗം യൂണിവേഴ്സിറ്റി യൂണിയൻ പ്രവർത്തനത്തിന് അനുവദിക്കണമെന്ന വിദ്യാർത്ഥി യൂണിയൻ ചെയർമാന്റെ ആവശ്യം പരിശോധിച്ച് സമർപ്പിച്ച റിപ്പോർട്ട് അംഗീകരിച്ച് പ്രസ്തുത കെട്ടിടത്തിന്റെ മുകൾഭാഗം വിദ്യാർത്ഥി യൂണിയൻ പ്രവർത്തനങ്ങൾക്ക് അനുവദിക്കുവാൻ യോഗം തീരുമാനിച്ചു.

(1883/എ1/2021/അഡ്മിൻ - ഭരണവിഭാഗം)

ഇനം നമ്പർ: **2022.104**

വിഷയം: **ഫെല്ലോഷിപ്പ് കുടിശ്ശിക അനുവദിക്കണമെന്ന് ഗവേഷക വിദ്യാർത്ഥികളുടെ അപേക്ഷ (2019 – പ്രവേശനം) പരിഗണിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: സർവകലാശാല നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി മൂലം 2019 ലെ വിജ്ഞാപനപ്രകാരം ഗവേഷണത്തിന് പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് ഫെലോഷിപ്പ് അനുവദിക്കുവാൻ കഴിയുമായിരുന്നില്ല. അത് അംഗീകരിച്ച് പ്രവേശനം നേടിയ വിദ്യാർത്ഥികൾ പിന്നീട് ഉന്നയിച്ച ആവശ്യം പരിഗണിച്ച് 2020 മാർച്ച് മുതൽ 2021 മാർച്ച് വരെ 5,500 രൂപയും 2021 ഏപ്രിൽ മുതൽ 12,000 രൂപയും 11 വിദ്യാർത്ഥികൾക്ക് ഫെലോഷിപ്പ് അനുവദിച്ചുവരുന്നുണ്ട്. എന്നാൽ 2019 ലെ വിജ്ഞാപനത്തിൽ പൂർണസമയ ഗവേഷകർക്ക് ഇതരസർവകലാശാലാ വിഭാഗങ്ങളിൽ നൽകിവരുന്ന ഫെലോഷിപ്പ് ഉണ്ടായിരിക്കുകയില്ലെന്ന് വ്യക്തമാക്കിയിരുന്ന സാഹചര്യത്തിൽ ഫെലോഷിപ്പ് അനുവദിക്കാതിരുന്ന 2019 ആഗസ്റ്റ് മുതൽ 2021 മാർച്ച് വരെ 12,000 രൂപ പ്രകാരം ഫെലോഷിപ്പ് ഇനത്തിൽ അനുവദിക്കണമെന്ന ആവശ്യം അനുഭാവപൂർവം പരിഗണിച്ച് 11 വിദ്യാർത്ഥികൾക്ക് ഫെലോഷിപ്പ് അനുവദിക്കുന്നതിനാവശ്യമായ 18,54,500 രൂപ സർക്കാർ അനുവദിച്ച് നൽകണമെന്ന് ആവശ്യപ്പെടുവാൻ തീരുമാനിച്ചു. സർക്കാരിൽ നിന്നും ഫണ്ട് ലഭിക്കുന്ന മുറക്ക് ഫെലോഷിപ്പ് തുക 11 ഗവേഷകവിദ്യാർത്ഥികൾക്ക് അനുവദിക്കാവുന്നതാണെന്നും തീരുമാനിച്ചു.

(115/പിഎച്ച്.ഡി/എ4/2021 - ഭരണവിഭാഗം)

* ഇനം നമ്പർ: **2022.105**

വിഷയം: **സാഹിത്യഫാക്കൽറ്റിക്ക് കീഴിൽ ഗവേഷണം പൂർത്തിയാക്കിയ ഡോ. അശോക് ഡിക്രൂസിന് പിഎച്ച്.ഡി. ബിരുദം നൽകുന്നത് സംബന്ധിച്ച്**

തീരുമാനം: സാഹിത്യരചന സ്കൂളിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. അശോക് ഡിക്രൂസ് പ്രൊഫ. ടി. അനിതകുമാരി മാർഗദർശിയായി ‘പദവർഗീക

രണത്തിന്റെ അടിസ്ഥാനതത്ത്വങ്ങൾ: മലയാള വ്യാകരണകൃതികൾ മുൻനിർത്തിയുള്ള പഠനം' എന്ന വിഷയത്തിൽ നടത്തിയ ഗവേഷണപ്രബന്ധത്തിൻമേലുള്ള മൂല്യനിർണയ റിപ്പോർട്ടുകൾ പരിശോധിച്ച് അദ്ദേഹത്തിന് മേൽവിഷയത്തിൽ പിഎച്ച്.ഡി. ബിരുദം നൽകണമെന്ന വാചാപരീക്ഷാ ബോർഡിന്റെ ശുപാർശ അംഗീകരിച്ച് ഡോ. അശോക് ഡിക്രൂസിന് പിഎച്ച്.ഡി. ബിരുദം നൽകുവാൻ തീരുമാനിച്ചു.

(2553/പിഎച്ച്.ഡി./2021/അക്കാദമികം - ഭരണവിഭാഗം)

ഇനം നമ്പർ: **2022.106**

വിഷയം: **സർവകലാശാല വാഹനം ഉപയോഗിക്കാത്ത വിദ്യാർത്ഥികളിൽ നിന്നും വാഹനവാടകയിനത്തിൽ പ്രവേശനസമയത്ത് വാങ്ങുന്ന തുക തുടർന്നു വാങ്ങേണ്ടതുണ്ടോ, നിലവിൽ വാങ്ങിയ തുക അപേക്ഷ പരിഗണിച്ച് തിരികെ നൽകേണ്ടതുണ്ടോയെന്ന കാര്യത്തിൽ തീരുമാനമെടുക്കുന്നത് സംബന്ധിച്ച്**

തീരുമാനം: സർവകലാശാല പ്രതിമാസ വാടക നൽകി ഏർപ്പെടുത്തിയിട്ടുള്ള ബസ്സിൽ യാത്ര ചെയ്യാൻ താൽപര്യം പ്രകടിപ്പിക്കുന്ന വിദ്യാർത്ഥികളിൽ നിന്നും താൽപര്യപത്രം എഴുതിവാങ്ങി ബസ്സിന് വാടകയായി സർവകലാശാല നൽകേണ്ട തുക കണക്കാക്കി അതിന് ആനുപാതികമായ യാത്രാനിരക്ക് അവരിൽനിന്ന് ഈടാക്കുവാനും യാത്ര ചെയ്യുന്ന വിദ്യാർത്ഥി / വിദ്യാർത്ഥിനികൾക്ക് പാസ് ഏർപ്പെടുത്തുവാനും തീരുമാനിച്ചു. ബസ്സിൽ യാത്ര ചെയ്യാൻ താൽപര്യമില്ലാത്ത വിദ്യാർത്ഥികളിൽ നിന്നും യാത്രാനിരക്കിനത്തിലുള്ള തുക ഇനി മുതലുള്ള പ്രവേശനസമയത്ത് ഈടാക്കേണ്ടതില്ലെന്നും തീരുമാനിച്ചു.

(1450/2022/ഫിൻ/ജനറൽ - ഫിനാൻസ് വിഭാഗം)

ഇനം നമ്പർ: **2022.107**

വിഷയം: **ദേശീയ ഹരിത ട്രൈബ്യൂണലിൽ സർവകലാശാലയ്ക്കെതിരെ സമർപ്പിച്ച പരാതിയിൽ സർവകലാശാലക്ക് അനുകൂലമായ വിധി സമ്പാദിക്കുന്നതിനായി സേവനം ചെയ്ത വക്കീൽ അഡ്വ. ഹരികൃഷ്ണൻ വി. മഞ്ചേരിക്ക് പ്രതിഫലമായി 90,000/- (തൊണ്ണൂറായിരം രൂപ മാത്രം) രൂപ നൽകി ഉത്തരവിറക്കിയ വൈസ് ചാൻസലറുടെ നടപടി റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്**

തീരുമാനം: സർവകലാശാലയുടെ ആസ്ഥാനമന്ദിരനിർമാണത്തിന് വേണ്ടി സർക്കാർ ഏറ്റെടുത്ത് നൽകിയ ഭൂമിയിൽ നിർമാണപ്രവൃത്തികൾ തടയണമെന്ന ആവശ്യം ഉന്നയിച്ച് ശ്രീ ഹസൈനാർ ഷർജിദ് ദേശീയ ഹരിത ട്രൈബ്യൂണലിൽ ഫയൽ ചെയ്ത നമ്പർ 24/2019 അന്യായം തള്ളിക്കുന്നതിനായി സർവകലാശാലക്കുവേണ്ടി ഹാജരായ അഡ്വ. ഹരികൃഷ്ണൻ വി.ക്ക് യാത്രാപടി താമസചെലവ്, കാർവാടക, വക്കീൽഫീസ് എന്നീ ഇനങ്ങളിലായി 90,000 (തൊണ്ണൂറായിരം രൂപ മാത്രം) അനുവദിച്ച് നൽകി വൈസ് ചാൻസലർ പുറപ്പെടുവിച്ച ഉത്തരവ് (നമ്പർ: 025/2013/വിസി, തീയതി: 05.09.2022) നിർവാഹകസമിതി യോഗം സാധൂകരിച്ചു.

(025/2013/വി.സി. - വി.സി. കാര്യാലയം)

ഇനം നമ്പർ: **2022.108**

വിഷയം: **കരാർ ജീവനക്കാരുടെ പ്രകടനമികവ് വിലയിരുത്തിയ കമ്മിറ്റിയുടെ ശുപാർശ നിർവാഹകസമിതിയുടെ പരിഗണനക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: 2022 സെപ്തംബർ 1 ന് കൂടിയ കമ്മിറ്റിയുടെ ശുപാർശകൾ പരിഗണിച്ച് കരാർ വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരുടെ കരാർ കാലാവധി അവസാനിച്ചതിനാൽ അവർക്ക് 2 ദിവസത്തെ ഇടവേള നൽകി, നിയമാനുസൃതമായി കരാർ പുതുക്കി 28.09.2022 ന് ഉത്തരവ് (നം. 2073/2021/എ.എ.ഒ.) പുറപ്പെടുവിച്ച വൈസ് ചാൻസലറുടെ നടപടി സാധൂകരിച്ചു. മലയാളസർവകലാശാലയിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് സർക്കാർ അനുമതി ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ നിലവിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരുടെ സഞ്ചിതവേതനത്തിൽ വർദ്ധനവ് വരുത്തുന്നതിന് സർക്കാരിന്റെ അനുമതിക്കായി കത്ത് എഴുതുന്ന വിവരം യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

(2073/2021/എ.എ.ഒ. - ഭരണവിഭാഗം)

ഇനം നമ്പർ: **2022.109**

വിഷയം: **സർവകലാശാലാ ജീവനക്കാരുടെ ശമ്പളപരിഷ്കരണം നടപ്പാക്കിക്കൊണ്ടുള്ള 26.02.2021 ലെ GO(P) No. 42/2021/Fin. നമ്പർ സർക്കാർ ഉത്തരവ് നിർവാഹകസമിതിയുടെ അംഗീകാരത്തിന് വിധേയമായി മലയാളസർവ്വകലാശാലയിൽ നടപ്പിലാക്കിക്കൊണ്ടുള്ള വൈസ് ചാൻസലറുടെ നടപടി അംഗീകരിക്കുന്നതിനും, മേൽ സർക്കാർ ഉത്തരവിന്റെ തുടർച്ചയായി 18.02.2022 ൽ സർക്കാർ ഇറക്കിയ GO(P) No. 21/2022/Fin. നമ്പർ ഉത്തരവ് സർവകലാശാലയിൽ നടപ്പാക്കുന്നത് സംബന്ധിച്ച്.**

തീരുമാനം: 11-ാം ശമ്പളകമ്മീഷൻ ശുപാർശകൾ നടപ്പിലാക്കി സർക്കാർ 26.02.2021 ന് പുറപ്പെടുവിച്ച ഉത്തരവ് GO(P) No. 42/2021/Fin. മലയാളസർവകലാശാലയിൽ നടപ്പിലാക്കി വൈസ് ചാൻസലർ ഉത്തരവ് പുറപ്പെടുവിച്ച നടപടി യോഗം സാധൂകരിച്ചു. അതോടൊപ്പം, പ്രസ്തുത ഉത്തരവിന്റെ തുടർച്ചയായി സംസ്ഥാനത്തെ സർവകലാശാല ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ച് 18.02.2022 ന് സർക്കാർ പുറപ്പെടുവിച്ച പതിനൊന്നാം ശമ്പളപരിഷ്കരണ ഉത്തരവ് GO(P) No. 21/2022/Fin. സർവകലാശാലയിൽ നടപ്പിലാക്കുവാനും തീരുമാനിച്ചു.

(1800/2018/അഡ്മിൻ - ഭരണവിഭാഗം)

ഇനം നമ്പർ: **2022.110**

വിഷയം: **പൊതുസഭയിൽ അംഗങ്ങളായ വിദ്യാർത്ഥികളിൽ നിന്നും പൊതുസഭയിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളാൽ നിർവാഹകസമിതിയിലേക്ക് അംഗത്തെ തിരഞ്ഞെടുത്തത് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്**

തീരുമാനം: വികസനപഠനസ്കൂളിലെ ഒന്നാംവർഷ എം.എ. ബിരുദ വിദ്യാർത്ഥിയായ ശ്രീ ആശിഷ് സുകുവിനെ 2013 ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവ്വ

കലാശാല നിയമം അദ്ധ്യായം III, വകുപ്പ് 13 (ബി) അനുസരിച്ച് പൊതുസഭയിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിൽ നിന്നും എതിരില്ലാതെ നിർവാഹ കസമിതിയിലേക്ക് തെരഞ്ഞെടുത്ത വിവരം യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

(395/എ1/2022/അഡ്മിൻ - ഭരണവിഭാഗം)

* ഇനം നമ്പർ: **2022.111**

വിഷയം: **സാഹിത്യരചനാവിഭാഗം അഡ്ജങ്റ്റ് ഫാക്കൽറ്റി നിയമനം - സേവനകാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: സാഹിത്യരചന സ്കൂളിൽ 03.12.2021 മുതൽ അഡ്ജങ്റ്റ് ഫാക്കൽറ്റിയായി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ കെ.പി. രാമനുണ്ണിയുടെ നിയമനകാലാവധി 02.12.2022 ന് അവസാനിക്കുന്ന സാഹചര്യത്തിൽ, അഡ്ജങ്റ്റ് ഫാക്കൽറ്റി നിയമനവ്യവസ്ഥ പ്രകാരം അവശേഷിക്കുന്ന രണ്ട് വർഷത്തേക്ക് കൂടി അഡ്ജങ്റ്റ് ഫാക്കൽറ്റിയായി തുടരാൻ സമ്മതമാണെന്ന് അദ്ദേഹം സർവകലാശാലയെ അറിയിച്ചിട്ടുള്ള വസ്തുത പരിഗണിച്ചും അദ്ദേഹത്തിന്റെ സേവനം സാഹിത്യരചന സ്കൂളിന് മുതൽക്കൂട്ടാവുമെന്ന സംഗതി കണക്കിലെടുത്തും 03.12.2022 മുതൽ 02.12.2024 വരെയുള്ള രണ്ട് വർഷകാലത്തേക്ക് കൂടി കാലാവധി ദീർഘിപ്പിച്ചു നൽകുവാൻ തീരുമാനിച്ചു. സേവന വേതന വ്യവസ്ഥയിൽ മാറ്റമുണ്ടായിരിക്കുന്നതല്ല.

(2052/അഡ്ജങ്റ്റ് ഫാക്കൽറ്റി/2018/വി.സി. - ഭരണവിഭാഗം)

* ഇനം നമ്പർ: **2022.112**

വിഷയം: **തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയുടെ വൈസ് ചാൻസലർ അദ്ദേഹത്തിന്റെ കാലാവധി പൂർത്തിയാവുന്നതിനു മുമ്പായി സ്ഥാനം ഒഴിയണമെന്ന ബഹു. ചാൻസലറുടെ ഉത്തരവിനെതിരെ ബഹു. കേരള ഹൈക്കോടതിയിൽ സർവകലാശാലക്കുവേണ്ടി നിയോഗിച്ച അഡ്വ. എൻ. രഘുരാജിന്റെ നിയമനവും അത് സംബന്ധിച്ച് അദ്ദേഹത്തിനു നൽകേണ്ട പ്രതിഫലവും പരിഗണിക്കുന്നത് സംബന്ധിച്ച്.**

തീരുമാനം: മലയാളസർവകലാശാല വൈസ് ചാൻസലർ ഡോ. വി. അനിൽകുമാർ രാജിവെച്ച് സ്ഥാനമൊഴിയണമെന്ന് ആവശ്യപ്പെട്ടു ബഹു. ചാൻസലർ നൽകിയ ഉത്തരവും (23.10.2022 ലെ GS6/1275/2022) തുടർന്ന്, പിരിച്ചുവിടാതിരിക്കുന്നതിനുള്ള കാരണങ്ങൾ വിശദീകരിച്ച് നവംബർ 3 നുള്ളിൽ ബഹു. ചാൻസലറെ ബോധിപ്പിക്കണമെന്ന് കാണിച്ചുകൊണ്ടുള്ള 'കാരണം കാണിക്കൽ നോട്ടീസും', ബഹു. ഹൈക്കോടതിയിൽ അഡ്വ. എൻ. രഘുരാജ് മുഖേന ചോദ്യം ചെയ്ത് ബഹു. കേരള ഹൈക്കോടതിയിൽ രണ്ട് റിട്ട് ഹർജികൾ (WP (C) No. 33824/2022, WP (C) No. 35030/2022) സമർപ്പിക്കുകയുണ്ടായി. ഇതിൽ ആദ്യകേസ് തീർപ്പുകൽപ്പിച്ച് ചാൻസലറുടെ ഉത്തരവ് കോടതി റദ്ദു ചെയ്തു. ഇതേതുടർന്ന് ചാൻസലർ നൽകിയ കാരണം കാണിക്കൽ നോട്ടീസിനെതിരായി ഫയൽ ചെയ്ത രണ്ടാമത്തെ റിട്ട് ഹർജി ഹൈക്കോടതിയുടെ പരിഗണനയിലുമാണ്. തുടർന്നും ഇക്കാര്യത്തിൽ നിയമനടപടികൾ ആവശ്യമായേക്കം. ഇതിനോടകം ഫയൽ ചെയ്തിട്ടുള്ള രണ്ട് ഹർജി

കൾക്കുവേണ്ടി ഹാജരായ അഡ്വ. എൻ. രഘുരാജ് ഒരു ലക്ഷം രൂപ വക്കീൽ ഫീസിനത്തിൽ ആവശ്യപ്പെട്ട് ബിൽ സമർപ്പിച്ചിട്ടുണ്ട്.

മേൽസാഹചര്യത്തിൽ, വിഷയം സമഗ്രമായി പരിഗണിച്ച നിർവാഹകസമിതിയോഗം, മലയാളസർവകലാശാല വൈസ് ചാൻസലറായി ഡോ. വി. അനിൽകുമാറിനെ നിയമിച്ച നടപടിക്കെതിരായ ചാൻസലറുടെ നടപടിയാണ് റിട്ട് ഹർജികളിലൂടെ ഹൈക്കോടതിയിൽ ചോദ്യം ചെയ്തിട്ടുള്ളതെന്ന് വിലയിരുത്തി, വൈസ് ചാൻസലർക്കു വേണ്ടി അഡ്വ. എൻ. രഘുരാജ് കോടതിയിൽ ഹാജരായി കേസ് വാദിച്ച നടപടി യോഗം അംഗീകരിക്കുകയും അഡ്വ. എൻ. രഘുരാജ് ഫീസിനത്തിൽ ആവശ്യപ്പെട്ട ഒരു ലക്ഷം രൂപ സർവകലാശാല ഫണ്ടിൽ നിന്നും നൽകുവാനും പ്രസ്തുത നടപടിക്ക് സർക്കാരിന്റെ അനുമതി തേടുവാനും തീരുമാനിച്ചു.

(33824/Litigation/2022 - വിസി കാര്യാലയം)

യോഗം ഉച്ചക്ക് ശേഷം 3.30 അവസാനിച്ചു.

രജിസ്ട്രാർ ഇൻ ചാർജ്

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട്, മലപ്പുറം - 676 502

# നിർവാഹകസമിതി
# അമ്പത്തിയേഴാമത് യോഗതീരുമാനങ്ങൾ

**2022 ഡിസംബർ 1, രാവിലെ 10.30 ന്**

ഇനം നമ്പർ: **2022.112**

വിഷയം: **തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയുടെ വൈസ് ചാൻസലർ അദ്ദേഹത്തിന്റെ കാലാവധി പൂർത്തിയാവുന്നതിനു മുമ്പായി സ്ഥാനം ഒഴിയണമെന്ന ബഹു. ചാൻസലറുടെ ഉത്തരവിനെതിരെ ബഹു. കേരള ഹൈക്കോടതിയിൽ സർവകലാശാലക്കുവേണ്ടി ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശ പ്രകാരം നിയോഗിച്ച അഡ്വ. എൻ. രഘുരാജിന്റെ നിയമനവും അത് സംബന്ധിച്ച് അദ്ദേഹത്തിനു നൽകേണ്ട പ്രതിഫലവും പരിഗണിക്കുന്നത് സംബന്ധിച്ച്.**

തീരുമാനം: മലയാളസർവകലാശാല വൈസ് ചാൻസലർ ഡോ. വി. അനിൽകുമാർ രാജി വെച്ച് സ്ഥാനമൊഴിയണമെന്ന് ആവശ്യപ്പെട്ടു ബഹു. ചാൻസലർ നൽകിയ ഉത്തരവും (23.10.2022 ലെ GS6/1275/2022) തുടർന്ന്, പിരിച്ചുവിടാതിരിക്കുന്നതിനുള്ള കാരണങ്ങൾ വിശദീകരിച്ച് നവംബർ 3 നുള്ളിൽ ബഹു. ചാൻസലറെ ബോധിപ്പിക്കണമെന്ന് കാണിച്ചുകൊണ്ടുള്ള 'കാരണം കാണിക്കൽ നോട്ടീസും', ബഹു. ഹൈക്കോടതിയിൽ അഡ്വ. എൻ. രഘുരാജ് മുഖേന ചോദ്യം ചെയ്ത് ബഹു. കേരള ഹൈക്കോടതിയിൽ രണ്ട് റിട്ട് ഹർജികൾ (WP (C) No. 33824/2022, WP (C) No. 35030/2022) സമർപ്പിക്കുകയുണ്ടായി. ഇതിൽ ആദ്യകേസ് തീർപ്പുകൽപ്പിച്ച് ചാൻസലറുടെ ഉത്തരവ് കോടതി റദ്ദു ചെയ്തു. ഇതേതുടർന്ന് ചാൻസലർ നൽകിയ കാരണം കാണിക്കൽ നോട്ടീസിനെതിരായി ഫയൽ ചെയ്ത രണ്ടാമത്തെ റിട്ട് ഹർജി ഹൈക്കോടതിയുടെ പരിഗണനയിലുമാണ്. തുടർന്നും ഇക്കാര്യത്തിൽ നിയമനടപടികൾ ആവശ്യമായേക്കം. ഇതിനോടകം ഫയൽ ചെയ്തിട്ടുള്ള രണ്ട് ഹർജികൾക്കുവേണ്ടി ഹാജരായ അഡ്വ. എൻ. രഘുരാജ് ഒരു ലക്ഷം രൂപ വക്കീൽ ഫീസിനത്തിൽ ആവശ്യപ്പെട്ട് ബിൽ സമർപ്പിച്ചിട്ടുണ്ട്.

മേൽസാഹചര്യത്തിൽ, വിഷയം സമഗ്രമായി പരിഗണിച്ച നിർവാഹകസമിതിയോഗം, മലയാളസർവകലാശാല വൈസ് ചാൻസലറായി ഡോ. വി. അനിൽകുമാറിനെ നിയമിച്ച നടപടിക്കെതിരായ ചാൻസലറുടെ നടപടിയാണ് റിട്ട് ഹർജികളിലൂടെ ഹൈക്കോടതിയിൽ ചോദ്യം ചെയ്തിട്ടുള്ളതെന്ന് വിലയിരുത്തി, വൈസ് ചാൻസലർക്കു വേണ്ടി അഡ്വ. എൻ. രഘുരാജ് കോടതിയിൽ ഹാജരായി കേസ് വാദിച്ച നടപടി യോഗം അംഗീകരിക്കുകയും അഡ്വ. എൻ. രഘുരാജ് ഫീസിനത്തിൽ ആവശ്യപ്പെട്ട ഒരു ലക്ഷം രൂപ സർവകലാശാല ഫണ്ടിൽ നിന്നും നൽകുവാനും പ്രസ്തുത നടപടിക്ക് സർക്കാരിന്റെ അനുമതി തേടുവാനും തീരുമാനിച്ചു.

(33824/Litigation/2022 - വിസി കാര്യാലയം)

രജിസ്ട്രാർ ഇൻ ചാർജ്